**ശ്രദ്ധക്ഷണിക്കൽ**

## തെരുവുനായ്ക്കളുടെ ശല്യം

ചീഫ് വിപ്പ് (ശ്രീ. തോമസ് ഉണ്ണിയാടൻ): സർ, കേരളത്തിൽ അപകടകാരികളായ തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതിനെതിരെ സംസ്ഥാനസർക്കാർ അതിശക്തമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. രൂക്ഷമായ തെരുവുനായശല്യത്തിന് ശാശ്വതമായ ഒരു പരിഹാരം ഉണ്ടാകേണ്ടത് ഏറെ ആവശ്യമാണ്. നഗരമെന്നോ ഗ്രാമമെന്നോ വ്യത്യാസമില്ലാതെ അലഞ്ഞുതിരിയുന്ന നായ്ക്കൾ മൂലം ജനങ്ങളാകമാനം ഭയവിഹ്വലരാണ്. നായ്ക്കളിൽനിന്നുള്ള ആക്രമണം സംസ്ഥാനത്ത് പതിവ് സംഭവമായി മാറിയിരിക്കുകയാണ്. സ്കൂളിൽ പോകുന്ന കുട്ടികൾ തിരിച്ചെത്തുന്നതുവരെ വളരെ ആകാംക്ഷയോടെയും മനസ്സമാധാനമില്ലാതെയുമാണ് മാതാപിതാക്കൾ കാത്തിരിക്കുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കുമാണ് നായ്ക്കളുടെ ആക്രമണം കൂടുതൽ ഏൽക്കുന്നത്. നിയമസഭാ കോമ്പൗണ്ട്, എം.എൽ.എ. ഹോസ്റ്റൽ പരിസരം, രാജ്ഭവൻ കോമ്പൗണ്ട്, ബസ്സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, ആശുപത്രി എന്നിങ്ങനെ എല്ലാ സ്ഥലങ്ങളിലും തെരുവുനായ്ക്കളുടെ ശല്യം

വർദ്ധിച്ചുവരികയാണ്. ഇതുകണ്ട് നിസ്സഹായരായി നോക്കിനിൽക്കേണ്ട ഒരവസ്ഥയാണ് നമുക്കുള്ളത്. ഒട്ടുമിക്ക രാജ്യങ്ങളിലും അതീവ ശ്രദ്ധയോടുകൂടിയാണ് നായ്ക്കളെ വളർത്തുന്നത്. എന്നാൽ കേരളത്തിൽ ഇക്കാര്യത്തിൽ തികഞ്ഞ അനാസ്ഥയാണ് പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്. പ്രതിവർഷം തൊണ്ണൂറായിരത്തോളം ആളുകൾ നായ്ക്കളുടെ കടിയേറ്റ് ആശുപത്രികളിൽ ചികിൽസയ്ക്കായി എത്തുന്നുണ്ട്. ഒട്ടേറെപ്പേർ പേവിഷബാധയേറ്റ് മരിക്കുന്ന സംഭവവും കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. നായ്ക്കളിൽനിന്ന് ആക്രമണമേറ്റാൽ പേവിഷബാധയ്ക്കുള്ള കുത്തിവയ്പെടുക്കാതെ യാതൊരു നിവൃത്തിയുമില്ല. കോടിക്കണക്കിന് രൂപയാണ് ഈ ആവശ്യത്തിനുവേണ്ടി സംസ്ഥാനം ഇന്ന് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. ഈ ബഡ്ജറ്റിൽ മാത്രം പേവിഷബാധയ്ക്കുള്ള മരുന്നുവാങ്ങാൻ 7.23 കോടിരൂപയാണ് വകയിരുത്തിയിരിക്കുന്നത്. എന്നിട്ടും മരുന്നിന് ദൗർലഭ്യമുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. കടിയേറ്റാൽ, നായയ്ക്ക് വിഷബാധ ഉണ്ടോ ഇല്ലയോ എന്ന് ഉറപ്പുവരുത്തിയതിനുശേഷം ചികിൽസയ്ക്ക് പോവുക എന്നുള്ളത് പ്രായോഗികമല്ല. നായയുടെ തലച്ചോറ് പരിശോധിച്ചതിനുശേഷം മാത്രമേ വിഷബാധ ഉണ്ടോയെന്ന് ഉറപ്പുവരുത്താൻ കഴിയൂ. ഇതുമായി ബന്ധപ്പെട്ട് സാമ്പത്തിക പ്രശ്നം, മാനസിക

പരിഭ്രാന്തി ആരോഗ്യപ്രശ്നം എന്നിവയൊക്കെ നമ്മുടെ നാട്ടിലെ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. നായയുടെ കടിയേൽക്കുന്ന പശുക്കളുടെയും ഇതര വളർത്തുമൃഗങ്ങളുടെയും സ്ഥിതി വളരെയധികം തലവേദന സൃഷ്ടിക്കുന്ന ഒന്നാണ്. കുറേക്കാലം മുമ്പുവരെ നമ്മുടെ നാട്ടിൽ നായ കടിച്ചാൽ അത് വലിയ പരിഭ്രാന്തിക്ക് ഇടയാക്കിയിരുന്നില്ല. പക്ഷേ ഇപ്പോഴാകട്ടെ പേവിഷത്തെക്കുറിച്ചുള്ള ഭീതി കൂടിക്കൂടി വരുന്നതിനാൽ നായയുടെ കടിയോ മുറിവോ ഏൽക്കുന്ന എല്ലാവരും കുത്തിവയ്പ്പിന് വിധേയരാകേണ്ടിവരുന്ന സ്ഥിതിയാണ്. പേവിഷം ബാധിച്ചാൽ ദാരുണമായ മരണം അനിവാര്യമാണെന്ന തിരിച്ചറിവാണ് ഇതിന് കാരണമായിട്ടുള്ളത്. ഏറ്റവും ഭീകരവും ദയനീയവുമാണ് പേവിഷബാധയേറ്റുള്ള മരണം. പേവിഷബാധയേറ്റാൽ ചികിൽസിച്ച് ഭേദപ്പെടുത്താൻ പര്യാപ്തമായ ഒരു മരുന്നും ഇന്ന് ലോകത്തെങ്ങുമില്ല. രോഗബാധിതരായ പ്രിയപ്പെട്ടവരുടെ അടുത്തുചെല്ലാൻപോലും കഴിയാതെ, അവരുടെ ദാരുണമായ അവസ്ഥ നിസ്സഹായരായി നോക്കിനിൽക്കേണ്ടിവരുന്ന ഗതികേടാണ് ബന്ധുമിത്രാദികൾക്കുള്ളതെന്ന് നാം കാണേണ്ടതായിട്ടുണ്ട്. തെരുവുനായ്ക്കളുടെയും പേവിഷബാധയുടെയും കാര്യത്തിൽ ഉണ്ടായേക്കാവുന്ന ചെറിയ അനാസ്ഥപോലും വലിയ വിപത്തിന് കാരണമായേയ്ക്കുമെന്നുള്ളത് യാഥാർത്ഥ്യമാണ്.

തെരുവുനായ്ക്കളിൽനിന്ന് ജനങ്ങളെ രക്ഷിക്കാനുള്ള ചുമതല നമുക്കുണ്ടെന്നുള്ളത് വിസ്മരിക്കാൻ പാടില്ല. എന്നാൽ ചില മൃഗസ്നേഹികളുടെ അതിരുകവിഞ്ഞ ഇടപെടലുകൾ കാരണം ഇല്ലാത്ത നിയമങ്ങളുടെയും കോടതി വിധികളുടെയും പേരുപറഞ്ഞ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ അനാസ്ഥ കാണിക്കുന്നുണ്ടെന്നുള്ളത് ഏറെ ദു:ഖകരമാണ്. യാതൊരു നിയന്ത്രണവുമില്ലാതെ നായ്ക്കളെ വളർത്തുന്ന അപകടകരമായ സാഹചര്യം നമുക്ക് ഒഴിവാക്കാൻ കഴിയുന്നില്ല. പഴുതില്ലാത്ത ലൈസൻസി സമ്പ്രദായം നടപ്പിലാക്കാനോ നായ്ക്കൾക്ക് പേ വരാതിരിക്കാനുള്ള വാക്സിനേഷൻ നൽകാനോ  നായ്ക്കൾക്കായി ആവിഷ്കരിച്ച വന്ധ്യംകരണ പദ്ധതി ഫലപ്രദമായി നടപ്പിലാക്കാനോ നമുക്ക് കഴിയുന്നില്ല. നായ്ക്കൾ തെരുവുകളിൽ പെറ്റുപെരുകുന്നതിന് സഹായകരമായ രീതിയിൽ ആഹാര അവശിഷ്ടങ്ങൾ തെരുവിലേയ്ക്ക് വലിച്ചെറിയുന്ന പ്രവൃത്തി അവസാനിപ്പിക്കാൻ കഴിയുന്നില്ലെന്നുള്ളത് ദു:ഖകരമായ യാഥാർത്ഥ്യമാണ്.

മി. ചെയർമാൻ: ശ്രീ. തോമസ് ഉണ്ണിയാടൻ....ചുരുക്കണം.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. തദ്ദേശ സ്വയംഭരണ വകുപ്പും ആരോഗ്യവകുപ്പും മൃഗസംരക്ഷണ വകുപ്പും നിയമവകുപ്പും സംയുക്തമായി പ്രവർത്തിക്കേണ്ട ഒരു  സന്ദർഭമാണ് ഇതെന്ന് ചൂണ്ടിക്കാണിക്കാൻ

ആഗ്രഹിക്കുകയാണ്. തെരുവുനായ്ക്കളുടെ പ്രശ്നത്തിന് പരിഹാരം നിർദ്ദേശിച്ച് കഴിഞ്ഞ നിയമസഭയിൽ, നിയമസഭാ കമ്മിറ്റി ചെയർമാൻ എന്ന നിലയ്ക്ക് ഞാൻ ഒരു റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. കൂടാതെ കഴിഞ്ഞ മാസം 24-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അറിവോടെ വിളിച്ചുചേർത്ത ഒരു യോഗത്തിൽ ബഹുമാന്യനായ നിയമവകുപ്പുസെക്രട്ടറിയും തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യവകുപ്പ്, മൃഗസംരക്ഷണ വകുപ്പ് എന്നിവിടങ്ങളിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്തു. യോഗത്തിൽ മണിക്കൂറുകൾ നീണ്ട ചർച്ച നടത്തുകയുണ്ടായി. ആ യോഗത്തിൽ നിയമസഭാ സെക്രട്ടറി നിരവധി നിർദ്ദേശങ്ങൾ സമർപ്പിച്ചു. അതിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത് നിലവിലുള്ള ഒരു നിയമവും അലഞ്ഞുതിരിയുന്ന തെരുവുനായ്ക്കളെ കൊല്ലുന്നതിന് തടസ്സമല്ല എന്നുള്ളതാണ്. ഇതുസംബന്ധിച്ച് സമഗ്രമായ ഒരു റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി. നിലവിലുള്ള നിയമങ്ങൾ കോടതി വിധികൾ, ഭരണഘടന ഉറപ്പുനൽകുന്ന വ്യവസ്ഥകൾ എന്നിവയുടെ അടിസ്ഥാനത്തിൽ തെരുവുകളിൽ അലഞ്ഞുതിരിഞ്ഞുനടക്കുന്ന അപകടകാരികളായ നായ്ക്കളെ കൊല്ലാൻ കഴിയുമെന്നുള്ളത് യാഥാർത്ഥ്യമാണ്. Prevention of Cruelty to Animals Act, 1960- ലെ Section 9(f), Section 11(3)(b) എന്നിവ ഇതുസംബന്ധിച്ച് വ്യക്തമായി

പ്രതിപാദിച്ചിട്ടുണ്ട്. 1960-ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയിട്ടുള്ള വളരെ വ്യക്തമായ നിയമമാണിത്. ഈ നിയമത്തിലെ മേൽപ്പറഞ്ഞ വകുപ്പുകൾ ഇന്നുവരെ ഭേദഗതി ചെയ്യപ്പെട്ടിട്ടില്ല. അതോടൊപ്പം ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ ഉണ്ടായിട്ടുള്ള 30611/2004 നമ്പർ കേസ്സിൽ ചീഫ് ജസ്റ്റിസായിരുന്ന ജസ്റ്റിസ് വി. കെ. ബാലിയും ജസ്റ്റിസ് ജെ.ബി. കോശിയും ഉൾപ്പെട്ട ഡിവിഷൻ ബഞ്ചിന്റെ ഉത്തരവ് ഇന്നുവരെ ഒരു കോടതിയിലും ചോദ്യം ചെയ്യപ്പെട്ടിട്ടില്ല. അത് ഇപ്പോഴും നിലനിൽക്കുകയാണ്. ജീവിക്കാനുള്ള അവകാശം ഉറപ്പുനൽകുന്ന ഭരണഘടനയുടെ അനുച്ഛേദം 21 ഉം വളരെ വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നതാണ്. ഈ നിയമത്തിന് പിൻബലം നൽകുന്ന സുപ്രീംകോടതി വിധികളും നമുക്കുണ്ട്. 18-06-2014-ൽ നിയമവകുപ്പുസെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പുസെക്രട്ടറിക്ക് ഇതുസംബന്ധിച്ച് വളരെ വ്യക്തമായ അറിയിപ്പ് നൽകിയിട്ടുണ്ട്. അതുകൊണ്ട് നിലവിലുള്ള നിയമവും കോടതിവിധികളും ഭരണഘടനയും മനുഷ്യജീവന് ഭീഷണിയായ തെരുവുനായ്ക്കളെ കൊല്ലുന്നതിന് തടസ്സമല്ലെന്നിരിക്കെ, നിയമത്തെ വളച്ചൊടിച്ചും കോടതിവിധികളെ തെറ്റിദ്ധരിപ്പിച്ചും മനുഷ്യജീവന് യാതൊരു വിലയും കൊടുക്കാതെ അപകടകാരികളായ തെരുവുനായ്ക്കളുടെ വിലപോലും മനുഷ്യന് കൊടുക്കാത്ത,

തെരുവുനായ്ക്കൾക്കുവേണ്ടിമാത്രം വാദിക്കുന്ന ചില മൃഗസ്നേഹികളുടെ പ്രവർത്തനം വളരെ ദു:ഖകരവും പ്രതിഷേധാർഹവുമാണ്. ഇവരുടെ മൃഗസ്നേഹത്തെ ഞാൻ ആദരിക്കുന്നു. പക്ഷേ മനുഷ്യന്റെ ജീവൻ ഇല്ലാതാക്കുന്ന, മനുഷ്യനെ സ്നേഹിക്കാത്ത മൃഗസ്നേഹമല്ല നമുക്ക് വേണ്ടത്. മനുഷ്യത്വമുള്ള മൃഗസ്നേഹമാണ് വേണ്ടത്. അപകടകരമായ വൃക്ഷശിഖരം മുറിക്കുമ്പോഴും അപകടകാരികളായ മൃഗങ്ങളെ കൊല്ലുമ്പോഴും എതിർക്കുന്നവർ മനുഷ്യന്റെ ജീവനുവേണ്ടി ശബ്ദമുയർത്താത്തത് എന്തുകൊണ്ടാണെന്ന് ഞാൻ ചോദിക്കാനാഗ്രഹിക്കുകയാണ്. അതുകൊണ്ട്, പക്ഷിപ്പനിയുണ്ടായ സന്ദർഭത്തിൽ പക്ഷികളെ കൊന്നുകൊണ്ട് നാം വലിയൊരു അപകടത്തെ അതിജീവിക്കുകയുണ്ടായി. അതുകൊണ്ട് മനുഷ്യജീവൻ അപകടകരമാക്കുന്നതും വളരെ കഷ്ടത്തിലാക്കുന്നതുമായ ഈയൊരു പ്രശ്നത്തിന് അടിയന്തര പരിഹാരമുണ്ടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ വിനയപൂർവ്വം ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട ചീഫ് വിപ്പ് ശ്രീ. തോമസ് ഉണ്ണിയാടൻ ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. എനിക്ക് അക്കാര്യത്തിൽ ശ്രീ. തോമസ് ഉണ്ണിയാടനോട് പ്രത്യേക ബഹുമാനമുണ്ട്. അദ്ദേഹം ഇവിടെ ഈ പ്രധാനപ്പെട്ട വിഷയം ഉന്നയിക്കുക മാത്രമല്ല

ഇതിനുവേണ്ടി പോരാട്ടം നടത്തുന്ന ഒരാളുമാണ്. പെറ്റീഷൻസ് കമ്മിറ്റി ചെയർമാൻ എന്നുള്ള നിലയിൽ അദ്ദേഹം തെരുവുനായ്ക്കളുടെ ശല്യത്തിനെതിരെ ശക്തമായ പോരാട്ടം നടത്തിയിട്ടുണ്ട്. അദ്ദേഹം ഇന്ന് ഈ വിഷയം നിയമസഭയിൽ ഉന്നയിച്ചത് നന്നായി. സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ കടിയേറ്റ് മനുഷ്യനും വളർത്തുമൃഗങ്ങളും വളരെയേറെ ബുദ്ധിമുട്ടിലാണ്. അപകട മരണങ്ങളിലേയ്ക്ക് വരെ നീളുന്ന സാഹചര്യവുമുണ്ട്. തെരുവുനായ്ക്കളെ കൊല്ലുന്നത് നിർത്തലാക്കിയതിനെത്തുടർന്ന് ഇവയെപ്പിടിച്ച് വന്ധ്യംകരിച്ച് വിടുന്ന നടപടികളാണ് നടന്നുവരുന്നത്. എന്നാൽ ഇത് കാര്യക്ഷമമായി നടക്കുന്നില്ല. അതുകൊണ്ട് അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായ്ക്കളുടെ എണ്ണം വളരെ വർദ്ധിക്കുകയും മനുഷ്യരെയും വളർത്തുമൃഗങ്ങളെയും കടിക്കുകയും അതിനുള്ള ചികിൽസയ്ക്ക് ചിലപ്പോൾ മരുന്ന് സമയത്ത് ലഭിക്കുന്നില്ലെന്നുള്ള പരാതികൾ വരികയും അതിന്റെ ഫലമായിട്ടുണ്ടാകുന്ന ചില പ്രശ്നങ്ങളും ദോഷകരമാണ്. നിയമപരമായി നായ്ക്കളെ കൊല്ലുന്നതിന് ഒരു തടസ്സവുമില്ല. Prevention of Cruelty to Animals Act-ൽ മനുഷ്യജീവന് ബുദ്ധിമുട്ടുണ്ടാക്കുന്ന, ഭീഷണിയാകുന്ന നായ്ക്കളെ ക്രൂരതയില്ലാത്ത വിധത്തിൽ കൈകാര്യം ചെയ്യുന്നതിനുള്ള വ്യവസ്ഥകളുണ്ട്. അതുപോലെ തന്നെ ഇതുസംബന്ധിച്ച് ശ്രീ. തോമസ് ഉണ്ണിയാടൻ പരാമർശിച്ച 2006-ലെ

വിധിന്യായത്തിലും മനുഷ്യന്റെ സുരക്ഷയാണ് പ്രാധാന്യമെന്നത് വളരെ വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് നിയമപരമായ തടസ്സങ്ങൾ ഇക്കാര്യത്തിൽ ഇല്ല. പക്ഷെ നായ്ക്കളെ കൊല്ലാൻ പാടില്ലെന്നുള്ള ഇവിടുത്തെ ശക്തമായ ഒരു വികാരം കണ്ടില്ലെന്ന് നടിക്കുന്നില്ല. നായ്ക്കളേക്കാൾ കൂടുതലായി മനുഷ്യജീവനും മനുഷ്യന്റെ ബുദ്ധിമുട്ടുകൾക്കും പ്രാധാന്യം കൊടുത്തേ മതിയാകൂ. അക്കാര്യത്തിൽ ശ്രീ. തോമസ് ഉണ്ണിയാടൻ ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. നമ്മുടെ സമൂഹത്തിൽ ഇങ്ങനെ രണ്ട് അഭിപ്രായങ്ങളുണ്ട്. ആ രണ്ട് അഭിപ്രായങ്ങളെയും ഒരിക്കലും തുല്യനിലയിൽ കാണുന്നില്ലെങ്കിൽപ്പോലും അത് എല്ലാവരുമായി ചർച്ച ചെയ്യാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. 9-ാം തീയതി വ്യാഴാഴ്ച മറ്റുചില കാര്യങ്ങൾ ചർച്ച ചെയ്യാൻവേണ്ടി കക്ഷി നേതാക്കളുടെ ഒരു യോഗം വിളിച്ചിട്ടുണ്ട്. ആ യോഗത്തിന്റെ അജൻഡയിലുൾപ്പെടുത്തിയിരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്തതിനുശേഷം ഇത് സംബന്ധിച്ചുള്ള കാര്യങ്ങൾകൂടി ഉന്നയിക്കും. ആ യോഗത്തിലെ അഭിപ്രായംകൂടി അറിഞ്ഞതിനുശേഷം അതനുസരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. നായ്ക്കളുടെ കടിയേൽക്കുന്നവർക്ക് മരുന്ന് എത്തിക്കുന്ന കാര്യത്തിലും അവർക്ക് പൂർണ്ണമായും സുരക്ഷിതമായ ചികിത്സ നൽകുന്ന

കാര്യത്തിലും ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കും. മരുന്നില്ലെന്ന് കേട്ടതിനെത്തുടർന്ന് അക്കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ഇഞ്ചക്ഷൻ എടുക്കാൻ സാധ്യമാകുന്ന ആശുപത്രികളിലെല്ലാം ഇതിനാവശ്യമായ മരുന്ന് എത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന് ആവശ്യമായതെല്ലാം തുടർന്നും ഉറപ്പുവരുത്തും. നായ്ക്കളുടെ ശല്യം കുറയ്ക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിൽ മനുഷ്യരുടെ താൽപര്യങ്ങൾക്കുതന്നെ മുൻതൂക്കം കൊടുത്തുകൊണ്ടുള്ള നടപടി ഈ ചർച്ചകൂടി കഴിഞ്ഞതിനുശേഷം ഉണ്ടാകുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ: മനുഷ്യ ജീവന് വില കൽപ്പിച്ചുകൊണ്ടുള്ള അങ്ങയുടെ ഈ ധീരമായ നടപടിയെ ഞാൻ അങ്ങേയറ്റം അഭിനന്ദിക്കുന്നു. ഇതു സംബന്ധിച്ച് അടിയന്തരമായി യോഗം വിളിച്ചുകൂട്ടുന്നതിന് എടുത്തിട്ടുള്ള തീരുമാനവും ഏറെ അഭിനന്ദനാർഹമാണ്. ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, നിയമ വകുപ്പ് എന്നീ നാല് വകുപ്പുകളുടെ ഒരു ഏകോപനംകൂടി ഈ വിഷയത്തിന്റെ തുടർ നടപടികൾക്ക് ഏറെ ആവശ്യമാണ്. അതിനാവശ്യമായ നിർദ്ദേശം അങ്ങ് നൽകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, എല്ലാ വകുപ്പുകളുടേയും സഹകരണത്തോടുകൂടി ഈ കാര്യത്തിൽ ഏറ്റവും നല്ല നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**അടച്ചിട്ടിരിക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിനും പുതുക്കിയ മിനിമം കൂലി ലഭ്യമാക്കുന്നതിനും നടപടി**

ശ്രീ. പി. കെ. ഗുരുദാസൻ: കേരളത്തിലെ കശുവണ്ടിത്തൊഴിലാളികൾ മൂന്ന് ലക്ഷമാണ്. അവരിൽ മഹാഭൂരിപക്ഷവും സ്ത്രീകളും ഏറ്റവും പാവപ്പെട്ട കുടുംബങ്ങളിൽ നിന്ന് വരുന്നവരുമാണ്. കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ ഇന്നും അവശേഷിക്കുന്ന ഒരു വ്യവസായമാണിത്. സ്വകാര്യ മുതലാളിമാർ തൊഴിലാളികളെ കൊള്ളയടിക്കുന്ന പശ്ചാത്തലത്തിൽ ഒരു മാതൃകാ സ്ഥാപനമായി പ്രവർത്തിച്ച് തൊഴിലാളികളുടെ അവകാശങ്ങളെല്ലാം സംരക്ഷിക്കുന്ന ഒരു സാഹചര്യം സൃഷ്ടിക്കാനാണ് 1969-ൽ ഈ പൊതുമേഖലാ സ്ഥാപനം ആരംഭിച്ചത്. പക്ഷെ കാഷ്യൂ കോർപ്പറേഷൻ ഫാക്ടറികൾ ഇപ്പോൾ അടച്ചിട്ടിരിക്കുകയാണ്. കശുവണ്ടിത്തൊഴിലാളികളുടെ മിനിമം വേജസ് പുതുക്കിക്കിട്ടുന്നതിനുവേണ്ടി 2014 ൽ ഒരു വർഷം മുഴുവൻ നീണ്ടുനിന്ന സമരം നടത്തി. അവസാനം ഗവൺമെന്റ് ഒരു തീരുമാനം എടുക്കാൻ സന്നദ്ധമായി. പുതിയ മിനിമം വേജസ് വിജ്ഞാപനം ചെയ്തു. അത് നടപ്പിലാക്കിത്തുടങ്ങിയത് 2015 മാർച്ച് ഒന്ന് മുതലാണ്. അതിനുശേഷം ഇതുവരെ കാഷ്യൂ കോർപ്പറേഷൻ ഫാക്ടറികൾ പ്രവർത്തിച്ചത് ഒൻപത് ദിവസം മാത്രമാണ്. ചില ഫാക്ടറികൾ എട്ട് ദിവസവും ചിലത് പത്ത് ദിവസവും പ്രവർത്തിച്ചു. 2007-ലും 2011-ലും തൊഴിലാളികളുടെ മിനിമം വേജസ്

പുതുക്കിയപ്പോൾ കാഷ്യൂ കോർപ്പറേഷൻ ഫാക്ടറികൾ മാതൃകയായി പ്രവർത്തിച്ചു. ഇപ്പോൾ കാഷ്യു കോർപ്പറേഷൻ ഫാക്ടറികൾ അടച്ചിട്ടിരിക്കുകയാണ്. കോർപ്പറേഷൻ ഫാക്ടറികൾ അടച്ചിട്ടാൽ സ്വകാര്യ മുതലാളിമാർക്ക് സൗകര്യമാണ്. ആ തൊഴിലാളികളെക്കൂടി കുറഞ്ഞ കൂലിക്ക് പണിയെടുപ്പിക്കാൻ കിട്ടും. സ്വകാര്യ മുതലാളിമാർ ഈ മിനിമം വേജസ് നിഷേധിക്കാൻ സന്നദ്ധമായി നിൽക്കുകയാണ്. കുറേയധികം മുതലാളിമാർ ഫാക്ടറികൾ അടച്ചിട്ടിരിക്കുകയാണ്. തുറക്കാൻ വേണ്ടി വീണ്ടും സമരം നടത്തുകയാണ്. ഒരു വർഷക്കാലം കൂലി കൂടുതൽ കിട്ടാൻവേണ്ടി സമരം നടത്തി. കൂലി വർദ്ധിപ്പിച്ചുകൊണ്ടുള്ള ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം അത് നടപ്പിലാക്കാൻവേണ്ടി സമരം നടത്തുകയാണ്. ഗവൺമെന്റ് സ്ഥാപനമായ കാഷ്യു കോർപ്പറേഷൻ സ്വകാര്യ മുതലാളിമാരെ സഹായിക്കുന്ന രൂപത്തിൽ ഫാക്ടറികൾ അടച്ചിട്ടിരിക്കുകയാണ്. മാത്രമല്ല, കാഷ്യു കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾ റിട്ടയർ ചെയ്താൽ പകരം തൊഴിലാളികളെ എടുക്കുന്നില്ല. ഈ രീതിയിൽ രണ്ടോ മൂന്നോ വർഷംകൂടി കഴിഞ്ഞാൽ കാഷ്യൂ കോർപ്പറേഷൻതന്നെ ഇല്ലാതാകുമെന്നാണ് അതിന്റെ മാനേജ്മെന്റുതന്നെ പറയുന്നത്. കാഷ്യു കോർപ്പറേഷനും കാപ്പെക്സും ഇല്ലാതാകുകയെന്നത് സ്വകാര്യ മുതലാളിമാരുടെ ഒരാവശ്യമാണ്. സ്വകാര്യ

മുതലാളിമാരുടെ ആവശ്യത്തിന് അനുകൂലമായ ഒരു നിലപാട് നിർഭാഗ്യവശാൽ നമ്മുടെ ഗവൺമെന്റും സ്വീകരിക്കുന്നുവെന്നുള്ളതാണ് എനിക്കിവിടെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഏറ്റവും ഗൗരവതരമായ വിഷയം. കാഷ്യൂ കോർപ്പറേഷനിൽ തൊഴിലാളികളെ എടുക്കുന്നില്ല, കാഷ്യൂ കോർപ്പറേഷൻ ഫാക്ടറി അടച്ചിട്ടിരിക്കുയാണ്, കാഷ്യൂ കോർപ്പറേഷൻ നഷ്ടത്തിലാണ്. ഈ ഗൗരവതരമായ സ്ഥിതി തരണംചെയ്യാൻ ഗവൺമെന്റ് സത്വരമായ നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ പ്രധാനപ്പെട്ട ആവശ്യം. ഇപ്പോൾ വ്യവസായത്തെപ്പറ്റി പഠിക്കാൻ ഗവൺമെന്റ് 23 പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ചിരിക്കുകയാണ്. കാഷ്യൂ രംഗത്ത് ഒരു ഐ.ആർ.സി. ഉണ്ട്. ഐ.ആർ.സി.യും മിനിമം വേജസ് കമ്മിറ്റിയും തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിക്കുന്ന വിഷയം ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ അതിൽ അംഗമായ, യു.റ്റി.യു.സി.യുടെ ദേശീയ സെക്രട്ടറികൂടിയായ ശ്രീ. എ. എ. അസീസ്, യന്ത്രവൽകൃതമേഖലയിലെ കൂലി പുതുക്കുന്നത് സംബന്ധിച്ച് ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന് കത്തെഴുതിക്കൊടുത്തു. യഥാർത്ഥത്തിൽ അങ്ങനെയൊരു കത്ത് അദ്ദേഹം എഴുതിക്കൊടുത്തിട്ടുണ്ടാവില്ല. അതിനെ ആസ്പദമാക്കി വ്യവസായ വകുപ്പ് യന്ത്രവൽകൃതമേഖലയിലെ കൂലി പുതുക്കുന്നതിന് ഇപ്പോൾ ഒരു കമ്മിറ്റി

കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിരിക്കുകയാണ്. അത്, ഉടമാ പ്രതിനിധികൾ ഒൻപത് പേരും തൊഴിലാളി പ്രതിനിധികൾ ഏഴ് പേരും അടങ്ങുന്ന 23 അംഗ കമ്മിറ്റിയാണ്. അങ്ങനെ ഒരു കമ്മിറ്റി രൂപീകരിക്കാൻ വ്യവസായ വകുപ്പിന് അധികാരമില്ല. അത് തൊഴിൽ വകുപ്പിന്റെ ജോലിയാണ്. ഇങ്ങനെയൊരു കമ്മിറ്റി നിയമ സാധുതയുള്ളതല്ല.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ:) യന്ത്രവൽകൃത വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാനുള്ള ഒരു സമിതി വേണമെന്ന പൊതുവായ ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണ് വ്യവസായ വകുപ്പ് അങ്ങനെ ഒരു സമിതി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിരിക്കുന്നത്. അല്ലാതെ കൂലി നിശ്ചയിക്കാൻവേണ്ടി ഒരു സമിതിയും കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടില്ല.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, എന്റെ സമയം നഷ്ടപ്പെടുത്തുന്നതിൽ എനിക്ക് വിഷമമുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത്, യന്ത്രവൽക്കരണം വ്യാപകമായ സാഹചര്യത്തിൽ വ്യവസായത്തിന്റെ ഇന്നത്തെ സ്ഥിതിയെപ്പറ്റി പഠിക്കുവാനും യന്ത്രവൽക്കരണ രംഗത്ത് പുതിയ കൂലി ഘടന നിശ്ചയിക്കുന്നതിനുംവേണ്ടി തൊഴിലാളി-തൊഴിലുടമ-ഗവൺമെന്റ് പ്രതിനിധികൾ അടങ്ങുന്ന ഒരു കമ്മിറ്റി എന്നാണ്. എന്നുവച്ചാൽ മിനിമം വേജസ് നിശ്ചയിക്കാനാണ്. കമ്മിറ്റി മറ്റു

കാര്യങ്ങൾ പഠിച്ചുകൊള്ളട്ടെ. എന്നാൽ മിനിമം വേജസ് നിശ്ചയിക്കാൻ അങ്ങനെ ഒരു കമ്മിറ്റിയെ നിയമിക്കാൻ തൊഴിൽ വകുപ്പിനാണ് ബാദ്ധ്യത. ആ ബാദ്ധ്യത തൊഴിൽ വകുപ്പേറ്റെടുക്കണം. ശ്രീ. എ. എ. അസീസിനെയും യു.റ്റി.യു.സി.യെയും അതിന് കരുവാക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. അക്കാര്യം ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഉറപ്പുനൽകണം. രണ്ടാമത്, ഒരു വ്യവസായ ഡയറക്ടറാണ് ഇതിന് നിർദ്ദേശം കൊടുത്തതെന്നാണ് പറയുന്നത്. ഈ വ്യവസായ ഡയറക്ടർ കാപ്പെക്സിന്റെ കേസ് നടന്നപ്പോൾ എവിടെപ്പോയിരുന്നു? 23 പേരടങ്ങുന്ന കമ്മിറ്റി മൂന്ന് മാസത്തിനകം റിപ്പോർട്ട് കൊടുക്കണം. ഇപ്പോൾ ഒരു മാസം കഴിഞ്ഞു. മൂന്ന് മാസത്തിനകം എങ്ങനെ റിപ്പോർട്ട് കൊടുക്കും; എട്ട് ഗവൺമെന്റ് പ്രതിനിധികൾ, ഒൻപത് മുതലാളി പ്രതിനിധികൾ, ഏഴ് തൊഴിലാളി പ്രതിനിധികൾ, എങ്ങനെ ഈ കമ്മിറ്റിക്ക് റിപ്പോർട്ട് കൊടുക്കാൻ കഴിയും? ഈ കമ്മിറ്റിക്ക് അപ്രകാരം ഒരു പഠനം നടത്താൻ കഴിയില്ല. അതുകൊണ്ട് ഈ കമ്മിറ്റി യഥാർത്ഥത്തിൽ അർഹതയുള്ള കമ്മിറ്റിയല്ല. വ്യവസായ വകുപ്പിന്റെ ഉദ്യോഗസ്ഥർ അപ്രകാരം ഒരു പഠനം നടത്തിയെങ്കിൽ അദ്ദേഹം എന്തുകൊണ്ട് അത് ഗവൺമെന്റിന് സമർപ്പിക്കുകയും ഗവൺമെന്റ് ബന്ധപ്പെട്ട തൊഴിലാളി പ്രതിനിധികളുടെയും ഉടമാ പ്രതിനിധികളുടെയും യോഗം വിളിച്ചുകൂട്ടി ഈ വിഷയം ചർച്ച ചെയ്യുകയും ചെയ്തില്ല;

ശരിക്കും പറഞ്ഞാൽ ഈ കമ്മിറ്റി, കാഷ്യൂ കോർപ്പറേഷന്റെയും അതുപോലെതന്നെ മര്യാദയ്ക്ക് വ്യവസായം നടത്തുന്ന വ്യവസായികളുടെയും കശുവണ്ടി വ്യവസായത്തിലെ മൂന്ന് ലക്ഷം തൊഴിലാളികളുടെയും ഭാവിയെ തകർക്കാൻവേണ്ടിയുള്ളതാണ്. ഈ കമ്മിറ്റി പ്രവർത്തിക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. കാഷ്യൂ കോർപ്പറേഷൻ ഫാക്ടറികൾ തുറക്കണം. കാഷ്യൂ കോർപ്പറേഷൻ ഫാക്ടറികൾ സംരക്ഷിക്കപ്പെടണം. അതിന് സത്വരമായ നടപടികൾ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പും സ്വീകരിക്കണമെന്നാണ് എന്റെ വിനീതമായ അഭിപ്രായം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, കാഷ്യു മേഖലയിൽ ഇപ്പോൾ വന്നിരിക്കുന്ന പ്രശ്നം ബഹുമാനപ്പെട്ട മെമ്പർക്ക് നല്ലതുപോലെ അറിയാവുന്ന കാര്യമാണ്. തോട്ടണ്ടിയും പരിപ്പും തമ്മിൽ വലിയ വിലവ്യത്യാസമില്ലാത്തതുകൊണ്ട് സ്വകാര്യ ഫാക്ടറികൾക്കും അതുപോലെ ഗവൺമെന്റ് പൊതുമേഖലാ ഫാക്ടറികൾക്കുമൊക്കെ പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് കഴിഞ്ഞ വർഷവും ഈ വർഷവും സ്വകാര്യ കമ്പനികൾ അധികസമയം പ്രവർത്തിച്ചിട്ടില്ല. കാഷ്യൂ കോർപ്പറേഷനും പ്രവർത്തിക്കാൻ ഒരുപാട് ബുദ്ധിമുട്ടുകൾ വന്നു. ഇതൊന്നുമല്ലാത്തൊരു പ്രശ്നമാണ് ഇപ്പോൾ കാഷ്യു

കോർപ്പറേഷനിൽ വന്നിരിക്കുന്നത്. അത് ഗവൺമെന്റിന്റെ സൃഷ്ടിയോ പൊളിറ്റിക്കലോ അല്ല. Freedom with responsibility എന്നുള്ള നിലയിൽ ട്രേഡ് യൂണിയനുകളുമൊക്കെയടങ്ങുന്ന ഒരു ബോർഡിന് എല്ലാവിധ സ്വാതന്ത്ര്യവും കൊടുത്ത് അവരുടെ റെസ്പോൺസിബിലിറ്റിയിൽ ബിസിനസ്സ് നടത്തി വരികയായിരുന്നു. അങ്ങനെ കഴിഞ്ഞ നാലുവർഷം, ഈ അടുത്ത സമയം വരെയും മാക്സിമം ദിവസം ജോലി കൊടുക്കാനും കഴിഞ്ഞു. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ മിനിമം വേജസിന്റെ കാര്യം വന്നു. അത് നല്ല നിലയിൽ നടപ്പിലാക്കാൻ കഴിയുമെന്നൊക്കെ പ്രതീക്ഷിച്ച് നിൽക്കുമ്പോഴാണ് കാഷ്യൂ കോർപ്പറേഷന്റെ ബിസിനസ്സ് നടത്തിപ്പിൽ സുതാര്യതയില്ലെന്നും ഈ സിസ്റ്റം ശരിയല്ലെന്നുമുള്ള നിലയിൽ ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗും ഫിനാൻസ് ഡിപ്പാർട്ടുമെന്റുമൊക്കെ ഒരു നിലപാട് സ്വീകരിച്ചത്. അതിനോട് ഗവൺമെന്റ് പൂർണ്ണമായും യോജിച്ചിട്ടില്ല. ക്യാബിനറ്റിൽ ഈ വിഷയം വന്നപ്പോൾ, ഇതൊരു സാമൂഹ്യ ക്ഷേമപ്രവർത്തനമല്ലെങ്കിലും ഒരുലക്ഷത്തോളം തൊഴിലാളികളുടെ ഭാവിയാണ് നോക്കേണ്ടതെന്നും അങ്ങനെ ലാഭനഷ്ടം മാത്രം നോക്കി ബിസിനസ്സ് അപ്രോച്ചോടെ കാണാൻ കഴിയില്ലെന്നുമുള്ള സമീപനമാണ് പൊളിറ്റിക്കലായി എടുത്തത്. പക്ഷേ പ്രശ്നം എന്താണെന്ന് വച്ചാൽ ഇതിൽ സുതാര്യതയില്ലെന്ന് പറഞ്ഞുകൊണ്ട്

ഹൈക്കോടതിയിൽ ഒരു കേസ് വന്നു. അതുകൊണ്ട് ഗവൺമെന്റുതന്നെ ഇക്കാര്യത്തിൽ വളരെ വലിയൊരു ബുദ്ധിമുട്ട് അഭിമുഖീകരിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് ഈ ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സിനെയും ഒരു സമിതിയേയും ചുമതല ഏൽപ്പിക്കുകയൊക്കെ ചെയ്തത്. ഈ കാര്യത്തിൽ നമുക്ക് കൂട്ടായി ആലോചിച്ച് കാഷ്യു കോർപ്പറേഷന്റെ ഭാവിയെ സംബന്ധിച്ച് ഒരു തീരുമാനം എടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുസംബന്ധിച്ച് കോടതിയിൽ വന്ന കേസിൽ ഒരു അന്തിമ വിധി വന്നാൽ ഒരു ഉറച്ച തീരുമാനമെടുത്ത് മുന്നോട്ടുപോകാമെന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. എന്തുതന്നെയായാലും ശരി കാഷ്യു കോർപ്പറേഷന്റെ കമ്പനികൾ അടച്ചിട്ട് തൊഴിലാളികളെ തൊഴിൽ രഹിതരാക്കുന്ന ഒരു നടപടി ഉണ്ടാവുകയില്ല. വൈകാതെ തന്നെ ഇതുസംബന്ധിച്ച് ഒരു അന്തിമ തീരുമാനമുണ്ടാവുകയും മുൻവർഷങ്ങളിലേതെന്നതുപോലെ ഫാക്ടറികൾ തുടർന്നും പ്രവർത്തിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. ഇന്നലെ ചേർന്ന ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ഈ വിഷയം ചർച്ച ചെയ്തു. കാപ്പെക്സിന്റെ നിയമനിർമ്മാണത്തിന് ടോപ്പ് പ്രയോറിറ്റി കൊടുത്ത് ഈ അസംബ്ലിയിൽ തന്നെ ബിൽ കൊണ്ടുവരും. കാപെക്സ് ഫാക്ടറികൾ നഷ്ടപ്പെടാൻ

ഇടവരുത്തുകയില്ല എന്നുള്ളതുകൂടി പറയാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്. ഇപ്പോഴത്തെ സ്ഥിതിയിൽ ആശങ്കകൾ പരിഹരിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

<u>ശ്രീ. പി. കെ. ഗുരുദാസൻ</u>: സർ, ട്രാൻസ്പെരൻസിയില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ട്രാൻസ്പെരൻസിയില്ല എന്നുള്ള വിഷയം ധനകാര്യ വകുപ്പിന്റെ എക്സ്പെർട്ട് കമ്മിറ്റി പരിശോധിച്ച എന്നുള്ള കാര്യങ്ങളൊക്കെ എനിക്കും അറിയാം. കോടതിയിലെ പ്രശ്നവും അറിയാം. പക്ഷേ അതൊന്നും ഞാൻ പരാമർശിക്കുന്നില്ല. എന്താണെന്നുവച്ചാൽ അത് കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമാണ്, ഗവൺമെന്റിന്റെ ആഭ്യന്തരമായിട്ടുള്ള വിഷയവുമാണ്. പക്ഷേ കാഷ്യു ഫാക്ടറി തുറക്കണമെന്നുള്ളത് തൊഴിലാളികളുടെയും ജനങ്ങളുടെയും വ്യവസായത്തിന്റെയും പൊതുവായ വിഷയമാണ്. സ്വകാര്യ മുതലാളിമാർ പറയുന്നതുപോലെ വ്യവസായം നഷ്ടമാണെന്ന പറയുന്നത് തികച്ചും അസംബന്ധമാണ്. ഈ കഴിഞ്ഞ സാമ്പത്തിക വർഷം 1,35,496 മെട്രിക്ക് ടൺ അണ്ടിപ്പരിപ്പാണ് കയറ്റുമതി ചെയ്തത്. 16 ലക്ഷം തോട്ടണ്ടിയാണ് ഇൻഡ്യയിൽ പ്രോസസ് ചെയ്തത്. വ്യവസായം നഷ്ടമാണ്, വ്യവസായം മരവിച്ച പോകുന്ന എന്നൊക്കെ പറയുന്നത് ശുദ്ധ അസംബന്ധമാണ്. അതുപോലെതന്നെ 265 രൂപയാണ് തൊഴിലാളികളുടെ മാക്സിമം കൂലി. 297

രൂപയാണ് ഗ്രേഡിംഗുകാരുടെ കൂലി. അത് വലിയ കൂലിയൊന്നുമല്ല. പക്ഷേ അണ്ടിപ്പരിപ്പിന്റെ വില ഗണ്യമായി കൂടി. ഓപ്പൺ മാർക്കറ്റിൽ കിലോയ്ക്ക് 500 രൂപയും ആഭ്യന്തര മാർക്കറ്റിൽ 700 രൂപയും വിലയുണ്ട്. തോട്ടണ്ടിയുടെ വില വർദ്ധിച്ചെന്ന് അവർ പറയുന്നതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഈ മുതലാളിമാർ പറയുന്നതുകേട്ട് അതിന്റെ അടിസ്ഥാനത്തിൽ എന്തോ പ്രശ്നങ്ങളുണ്ടെന്നുള്ളൊരു ആശയകുഴപ്പത്തിൽ ചെന്നുപെടാതെ വ്യവസായം നടത്തുന്നതിനാവശ്യമായിട്ടുള്ള ഉത്തരവാദിത്വം ഗവൺമെന്റ് ഏറ്റെടുക്കണമെന്നാണ് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കുവാനുള്ളത്. വ്യവസായ വകുപ്പുമന്ത്രി വ്യക്തിപരമായ ഉത്തരവാദിത്വം ഏറ്റെടുത്ത് ഫാക്ടറി തുറപ്പിക്കണം. അല്ലെങ്കിൽ കശുവണ്ടി വ്യവസായത്തിന്റെ ഭാവി തകരുമെന്നുള്ള കാര്യം ഞാൻ മുന്നറിയിപ്പ് നൽകുകയാണ്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ട്രാൻസ്പെരൻസി ഇല്ലെങ്കിൽ ട്രാൻസ്പെരൻസിയുള്ള സിസ്റ്റം കൊണ്ടുവരാം. ധനകാര്യ വകുപ്പ് പറഞ്ഞതുപോലെ ഒരു ദിവസംകൊണ്ട് അത് നടപ്പിലാക്കാൻ കഴിയില്ല. അതുകൊണ്ട് കുറച്ച് സമയം വേണമെന്നുള്ള സ്റ്റാന്റേ നമുക്കുള്ളൂ. എന്തുതന്നെയായാലും ശരി കാഷ്യു ഫാക്ടറികൾ വർക്കുചെയ്യിപ്പിച്ചിരിക്കും. അത് അടച്ചിടുന്ന പ്രശ്നമില്ല. തൊഴിലാളികൾക്ക് തൊഴിൽ

നഷ്ടപ്പെടുന്ന പ്രശ്നമില്ലെന്ന് ഞാൻ ബഹുമാനപ്പെട്ട മെമ്പർക്ക് ഉറപ്പുനൽകാൻ ആഗ്രഹിക്കുന്നു.